പ്രസിദ്ധീകരണത്തിന്റെ 29–ാം വർഷം

Publishing Date : July 2026

# കൊച്ചിൻ പത്രിക

Regn. No. KL/EKM/318/2023 - ’26

R.N.I. No. 68414/98

ESTD: 1997 | Published from Ernakulam, Kochi - 682 017 | വാല്യം 29 ലക്കം 13 | 2026 ജൂലൈ 1–15 | Visit us: www.kochinpathrika.com

# കൊതുകുകളെ തുരത്താൻ ഡ്രോൺ വരുന്നു

**ജോസൂട്ടി**



കൊച്ചി: കൊതുകിനെ തുരത്താനുള്ള മരുന്നു സ്പ്രേ ചെയ്യാൻ ഡ്രോൺ ഇറക്കാനുള്ള ആലോചനയിൽ കോർപറേഷൻ. കോർപറേഷൻ തൊഴിലാളികൾക്ക് എത്തിച്ചേരാൻ കഴിയാത്ത ഇടുങ്ങിയ സ്ഥലങ്ങളിൽ പറന്നെത്തി കൊതുകുനാശിനി സ്പ്രേ ചെയ്യാനുള്ള സാധ്യത പ്രയോജനപ്പെടുത്താനാണ് ഡ്രോൺ വാങ്ങാനുള്ള കോർപറേഷൻ നീക്കം.

ഒരു സ്വകാര്യ കമ്പനി ഡ്രോണുകളുടെ പ്രവർത്തനം കോർപറേഷൻ ആരോഗ്യ സ്ഥിരസമിതി മുൻപാകെ കഴിഞ്ഞ ദിവസം അവതിരിപ്പിച്ചു. മറ്റു രണ്ടു കമ്പനികളുടെ നിർദേശങ്ങൾ കൂടി പരിഗണനയിലുണ്ടെന്നും ഡ്രോൺ വാങ്ങുന്നതു സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നും ആരോഗ്യ സ്ഥിര സമിതി ചെയർപഴ്സൻ സീന ഗോകുലൻ പറഞ്ഞു.

കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ സ്ഥലത്തു കൊതുകു നാശിനി സ്പ്രേ ചെയ്യാനാകുമെന്നതാണ് ഡ്രോൺ ഉപയോഗിക്കുമ്പോഴുള്ള നേട്ടം ഡ്രോൺ സ്വന്തമായി വാങ്ങണോ അതോ ഏതെങ്കിലും കമ്പനിക്ക് ഡ്രോൺ സ്പ്രേ ചെയ്യാനായി കരാർ നൽകിയാൽ മതിയോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചു മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കൂ.

കോർപറേഷൻ സ്വന്തം നിലയിൽ വാങ്ങുകയാണെങ്കിൽ തൊഴിലാളികൾക്ക് ഡ്രോൺ പറത്താനുള്ള പരിശീലനമുൾപ്പെടെ ആവശ്യമായി വരും. 2 വർഷത്തേക്ക് ഡ്രോണുകളുടെ പരിപാലനം നടത്താമെന്നും പ്രവർത്തിപ്പിക്കാനായി 6 തൊഴിലാളികൾക്ക് പരിശീലനം നൽകാമെന്നും അവതരണം നടത്തിയ കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്.

പതിറ്റാണ്ടുകളായി കൊച്ചിയിലെ കൊതുകുകളെ തുരത്താൻ കോർപറേഷൻ പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും ഒരു ചുക്കും നടന്നിട്ടില്ല. കൊതുകു നിവാരണത്തിനായി സംയോജിക കൊതുകു നിയന്ത്രണ പദ്ധതി നടപ്പാക്കാൻ 10 കോടി രൂപയാണ് കോർപറേഷൻ ഈ വർഷത്തെ ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്.

കൊതുകുകളുടെ പ്രജനന കേന്ദ്രങ്ങൾ കണ്ടെത്താൻ ജപിഎസ് മാപ്പിങ്ങും ഡ്രോണുകൾ ഉപയോഗിച്ചുള്ള നിരീക്ഷണവും നടത്താനും കോർപറേഷൻ തീരുമാനിച്ചിരുന്നു.

കൊതുകു സാന്ദ്രത കൂടുതലുള്ള സ്ഥലങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് അവിടെ മാത്രം പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കാൻ ഈരീതി സഹായിക്കുമെന്നാണ് വിലയിരുത്തൽ.

# പെരിയാറിനെ സംരക്ഷിക്കണമെന്ന് ഹൈക്കോടതി



കൊച്ചി: പെരിയാറിനെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കണമെന്നു ഹൈക്കോടതി നിർദേശം നൽകി.

ദശലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അപകടത്തിലാണ്. വൻദുരന്തം ഉണ്ടാകുന്നതുവരെ കാത്തിരിക്കരുത്. ബന്ധപ്പെട്ട അധികൃതർ ഉത്തരവാദിത്തത്തോടെ പെരുമാറുമെന്നും നടപടി സ്വീകരിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എ.ശ്യാംകുമാർ എന്നിവരുൾപ്പെടെ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

പെരിയാർ മലിനീകരണം തടയാൻ നടപടി വേണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളാണ് ഹൈക്കോടതി പരിഗണിച്ചത്.

പെരിയാർ മലിനീകരണം തടയുന്നതിനാൽ കുഴിക്കണ്ടം തോടിന്റെ ശുചീകരണത്തിന് മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ പുതിയ സമയക്രമം അറിയിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിന് കോടതി നിർദേശം നൽകി. പെരിയാറിലെ ജലശുദ്ധി പരിപാലിക്കാനായി ഏകീകൃത അതോറിറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നാണ് നേരത്തേ ഹർജിയിൽ അറിയിച്ചിരുന്നത്.

സംസ്ഥാനത്ത് പെരിയാറിന്റെ പ്രാധാന്യം പരിഗണിക്കുമ്പോൾ ഇക്കാര്യം ഏറെ ശ്രദ്ധ ആവശ്യമുള്ള വിഷയമാണെന്ന് കോടതി അഭിപ്രായപ്പെട്ടു.

സംയോജിത നദീതട സംരക്ഷണ മാനേജ്മെന്റ് പദ്ധതി രൂപീകരിക്കുമെന്ന് സർക്കാർ കഴിഞ്ഞ വർഷം സെപ്തംബറിൽ കോടതിയിൽ അറിയിച്ചിരുന്നു. തുടർന്നാണ് ദുരന്തമുണ്ടാകാൻ കാത്തിരിക്കരുത് എന്നു ഡിവിഷൻ ബെഞ്ച് മുന്നറിയിപ്പ് നൽകിയത്.



കൊച്ചിൻ പത്രിക
വാല്യം 29 ലക്കം 13 2026 ജൂലൈ 1–15

# കേരളത്തിൽ ഗാർഹിക പീഡനം കൂടുന്നതായി കേന്ദ്ര സർവേ

കേരളത്തിൽ ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളുടെ എണ്ണം വർധിക്കുന്നതായി കേന്ദ്ര ആരോഗ്യ കുടുംബാരോഗ്യ സർവേ. 18–49 പ്രായമുള്ള വിവാഹിതരായ സ്ത്രീകളാണ് ഗാർഹികപീഡനത്തിന് ഇരയാവുന്നത്. ഇത് 17.7% പേരാണെന്നു സർവേ വ്യക്തമാക്കുന്നു. മുൻ സർവേയിൽ ഇത് 9.8% പേരാണ്. ഗർഭകാലത്ത് പീഡനം നേരിടേണ്ടിവന്നത് 1.7% പേർക്ക്, മുൻപ് അത് 0.5% ആയിരുന്നു.

വർഷം മുഴുവൻ ശമ്പളം വാങ്ങി തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം 25.8 ശതമാനത്തിൽ നിന്ന് 36.2% ആയി. സ്വന്തമായി ബാങ്ക് അക്കൗണ്ടുകളും നിക്ഷേപവുമുള്ളവർ 78.5 ശതമാനത്തിൽനിന്ന് 91.7 ശതമാനമായി. സ്വന്തമായി മൊബൈൽ ഫോണുള്ളവർ 86.6 ശതമാനത്തിൽനിന്ന് 89.1 ശതമാനമായി ഭൂമിയോ വീടോ സ്വന്തമായുള്ള സ്ത്രീകൾ 30.1ൽനിന്ന് 34.3 ശതമാനത്തിലെത്തി.

15–49 പ്രായമുള്ള സ്ത്രീകളിൽ പോഷകാഹാരക്കുറവ് നഗരങ്ങളിൽ 11%. ഗ്രാമങ്ങളിൽ 12.9% എന്നിങ്ങനെയാണ്. മുൻ സർവേയിൽ 12%, 10.1% എന്നിങ്ങനെയായിരുന്നു. പുരുഷന്മാരിൽ നഗരങ്ങളിൽ 14.3%. ഗ്രാമങ്ങളിൽ 16.7% പേർക്കും പോഷകാഹാരക്കുറവുണ്ട്. കഴിഞ്ഞ സർവേയിൽ യഥാക്രമം 15.5%, 10% ആയിരുന്നു.

15 വയസ്സിന് താഴെയുള്ളവരിലെ പുകയില ഉപയോഗത്തിൽ നേരിയ കുറവുള്ളതായി സർവേ വ്യക്തമാക്കുന്നു. ആൺകുട്ടികളിൽ 16.2 ശതമാനത്തിൽനിന്ന് 15.9% ആയി. പെൺകുട്ടികളിൽ മുൻ സർവേ പോലെ 2.2%.

15 വയസ്സിന് മുകളിലുള്ളവരിലെ മദ്യ ഉപയോഗം വർധിച്ചു. മദ്യപിക്കുന്ന സ്ത്രീകൾ 0.2ൽനിന്ന് 0.3% ആയി. പുരുഷന്മാരിൽ 19 ശതമാനത്തിൽനിന്ന് 22.7% ആയി.

സർവേയിലെ 131 നിർണായക സൂചികകൾ ഇത്തവണ 101 ആയി കുറച്ചു. സർവേക്ക് നേതൃത്വം നൽകിയ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസിന്റേതാണ് നടപടി.

**സൈമൺ ഇടപ്പള്ളി**
**ചീഫ് എഡിറ്റർ**

*Office Address:*
**KOCHIN PATHRIKA,**
**Kerala's Largest Circulated**
**Malayalam Fortnightly Newspaper**
**64/5218, Kaloor P.O., Kochi - 682 017.**
**Ph: +91- 484 - 2338268, 3917321**
**Fax: +91 - 484 - 2402389. Mobile: +91 94470 90041**
**Visit us : www.kochinpathrika.com**
**E-mail: mail@kochinpathrika.com,**
**kochinpathrika@gmail.com**
**kochinpathrika1@rediffmail.com**



അഡ്വ. ചാർളി പോൾ

# ശിശു രോദനത്തിന്റെ നിസ്സഹായ നിലവിളികൾ

നാറാണത്ത് ഭ്രാന്തൻ എന്ന കവിതയിൽ വി. മധുസൂദനൻ നായർ എഴുതി: ഓരോ ശിശുരോദനത്തിലും കേൾപ്പു ഞാൻ, ഒരു കോടി ഈശ്വരവിലാപം. നെടുമങ്ങാട് പനവൂർ കരിക്കുഴിയിൽ ഒന്നര വയസ്സുകാരൻ അർഷിദിനെ രണ്ടാനച്ഛൻ ക്രൂരമായി പീഡിപ്പിച്ചു കൊന്ന വാർത്ത കേരളത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. ഈശ്വര വിലാപങ്ങൾ ഇവിടെ ഉയർന്നു കേൾക്കുന്നുണ്ട്.

അർഷിദിന്റെ ശരീരത്തിൽ മരണകാരണമായ മർദ്ദനങ്ങൾ ഉൾപ്പെടെ 51 മുറിവുകളാണ് പോസ്റ്റ്മോർട്ടത്തിൽ കണ്ടെത്തിയത്. തല ഭിത്തിയിൽ ഇടിപ്പിച്ചും കാലിൽ തീവച്ചു പൊള്ളിച്ചും നെഞ്ചിൽ ചവിട്ടിയും അർഷിദിനെ ക്രൂരമായി പീഡിപ്പിച്ചിരുന്നതായി രണ്ടാനച്ഛൻ കുറ്റസമ്മതം നടത്തിയിട്ടുണ്ട്. കുഞ്ഞ് തനിക്ക് ബാധ്യതയാകും എന്ന് തോന്നിയതിനാലാണ് തുടർച്ചയായി മർദ്ദിച്ചു കൊലപ്പെടുത്തിയെതെന്ന് പ്രതി പറഞ്ഞിട്ടുണ്ട്. പിച്ചവച്ചു നടക്കും മുൻപേ ഒരായുസ്സിന്റെ മുഴുവൻ വേദനയും സഹിച്ചാണ് ആ കുഞ്ഞ് കൊല്ലപ്പെട്ടത്. വാക്കുകൾ കൂട്ടിചൊല്ലാൻ വയ്യാത്ത, അമ്മയുടെ പേര് വിളിക്കാൻ മാത്രം പ്രായമായ, ഓടി ഒളിക്കാനും ഒച്ചവയ്ക്കാനും ആകാത്ത ആ കുഞ്ഞുടലിനോട് കാണിച്ച സമാനതകളില്ലാത്ത ക്രൂരതയിൽ നടുങ്ങി നിൽക്കുകയാണ് ഇന്ന് കേരളം.

മൂന്നുമാസമായി കൊല്ലണമെന്ന് ഉദ്ദേശത്തോടെ കുഞ്ഞിനെ പീഡിപ്പിക്കുകയായിരുന്നു. വിശന്നു കരഞ്ഞാൽ തീവച്ചു പൊള്ളിക്കും. വാശി പിടിച്ചാൽ തൊഴിക്കും. കിടക്കയിൽ മൂത്രമൊഴിച്ചതിന് ജനനേന്ദ്രിയം കീറിമുറിച്ചു. ബൈക്കിൽ കയറാൻ ശ്രമിച്ചതിന് കൈകൾ തല്ലിയൊടിച്ചു. തുണി വായിൽ തിരുകിയാണ് മർദ്ദനം. ഒരിക്കൽ ശ്വാസം മുട്ടിച്ച് കൊല്ലാൻ ശ്രമിച്ചപ്പോൾ കുഞ്ഞിന്റെ പിടച്ചിൽ കണ്ട പെറ്റമ്മ അഖില താൻ ഇല്ലാത്തപ്പോൾ കൊല്ലാൻ പറഞ്ഞ് നൃത്ത പരിപാടിക്ക് പോയി. പിന്നീട് വീണ്ടും പെറ്റമ്മയായ അഖിലയോട് വിളിച്ചു പറഞ്ഞ ശേഷം കൊല്ലാൻ ശ്രമം ആരംഭിച്ചു. തൊണ്ടയിൽ ആഹാരം കുടുങ്ങി മരിച്ചു എന്നു വരുത്താനായിരുന്നു ശ്രമം. ആഹാരം കൊടുത്ത ശേഷം അതിറക്കുന്നതിനു മുമ്പ് കഴുത്തിൽ അമർത്തിപ്പിടിച്ചു. പലതവണ ഇതാവർത്തിച്ചിട്ടും മരിക്കാത്തതിനാൽ ഭിത്തിയിൽ തലപിടിച്ച് ഇടിച്ചു. കുഴഞ്ഞുവീണ കുഞ്ഞിന്റെ വായിലേക്ക് ഭക്ഷണം തിരുകി കഴിക്കാൻ ആവശ്യപ്പെട്ടു. അതോടെ കുഞ്ഞ് വലിയ ശബ്ദത്തിൽ ഛർദ്ദിക്കുന്ന ഒച്ച കേട്ട് അയൽക്കാരിൽ ചിലരെത്തി കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചു. ഭക്ഷണം തൊണ്ടയിൽ കുടുങ്ങി എന്ന് പറഞ്ഞെങ്കിലും ശരീരത്തിലെ മുറിവുകൾ കണ്ട ഡോക്ടർമാർ പോലീസിനെ വിവരം അറിയിക്കുകയായിരുന്നു.

അർഷിദ് സഹിച്ച വേദനകൾ നമ്മുടെ ശരീരത്തിലും മനസ്സിലും കഠിന നോവുകൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരം ദുരനുഭവങ്ങൾ ഒരു കുട്ടിക്കും സംഭവിച്ചു കൂടാ. കുട്ടികളോടുള്ള ക്രൂരത ഒരു കാരണവശാലും വച്ചു പൊറുപ്പിക്കാനാവില്ല. റസിഡന്റ്സ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, പോലീസ്, ശിശുക്ഷേമപ്രവർത്തകർ എന്നിങ്ങനെ എല്ലാവരും ഉൾപ്പെട്ട ജാഗ്രത സമിതികൾ വാർഡ് തോറും ഉണ്ടാകേണ്ടതുണ്ട്. കുഞ്ഞുങ്ങൾ സുരക്ഷിതരാകുന്നിടത്താണ് മനുഷ്യരാശിയുടെ ഭാവി സുരക്ഷിതമാകുന്നത്. ഓരോ കുഞ്ഞിന്റെയും സുരക്ഷ സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തമാണെന്ന് തിരിച്ചറിവ് നമുക്ക് ഉണ്ടാകേണ്ടതുണ്ട്.

വനിതാ-ശിശു വകുപ്പ് മുമ്പ് വീടുകളിലെ സാഹചര്യങ്ങൾ കണ്ടെത്താനുള്ള വൾനറബിലിറ്റി മാപ്പിങ് നടത്തിയിരുന്നു. അന്ന് സംസ്ഥാനത്ത് അരക്ഷിതരായ സാഹചര്യത്തിൽ 5.5 ലക്ഷം കുട്ടികൾ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു.

**ഒരാളെ മൃഗത്തിൽ നിന്നും മൃഗീയ വാസനങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്നതും മറ്റുള്ളവരുടെ വൈകാരിക അവസ്ഥകൾ കൃത്യമായി തിരിച്ചറിയാനും അത് ഉൾക്കൊള്ളാനും മറ്റുള്ളവരുടെ വേദനകൾ മനസ്സിലാക്കി അനുതാപത്തോടെ പെരുമാറാനും ഈ നാഡീവ്യൂഹങ്ങൾ നമ്മെ സഹായിക്കുന്നു. ചെറുപ്രായത്തിൽ തന്നെ ദയ, കാരുണ്യം, അലിവ്, പരോപകാരം, മൃദുല ഭാവം, ആർദ്രത എന്നിങ്ങനെയുള്ള വികാരങ്ങൾ മനുഷ്യരിൽ അന്തർലീനമാക്കുന്നത് ദർപ്പണ നാഡീവ്യൂഹങ്ങളാണ്. ഇവയൊക്കെ മാതാപിതാക്കൾ കാണിച്ചുകൊടുക്കുമ്പോഴാണ് ദർപ്പണം നാഡിവ്യൂഹങ്ങൾ വളർച്ച കൈവരിക്കുന്നത്.**

2018ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവ്വേപ്രകാരം 11,72,433 കുടുംബങ്ങളിലെ കുട്ടികൾ സ്വന്തം വീടിനകത്ത് സുരക്ഷിതരല്ല.

36,654 കുടുംബങ്ങളിൽ സ്വന്തം അച്ഛനോ അമ്മയോ അല്ല രക്ഷിതാവ്. 94,685 കുടുംബങ്ങളിൽ രക്ഷിതാക്കളിൽ ആരെങ്കിലും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരാണ്. രക്ഷിതാക്കളിൽ നിന്ന് തന്നെ കുട്ടികൾക്ക് മാരകമായ മർദ്ദനമേൽക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്.

രണ്ടാനച്ഛൻ, മൂന്നാമത്തെ അച്ഛൻ എന്നിവരാൽ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത അപൂർവ്വ സന്ദർഭങ്ങൾ മുൻപും ഉണ്ടായിട്ടുണ്ട്. നൊന്തുപെറ്റ അമ്മ തന്നെ കുഞ്ഞിനെ വലിച്ചെറിഞ്ഞ് കൊന്നിട്ടുമുണ്ട്. പുതിയൊരു ദാമ്പത്യജീവിതത്തിന് തടസ്സമാകാതിരിക്കാൻ വേണ്ടിയാണിത്. രണ്ടാം വിവാഹം, മദ്യപാനം, മയക്കുമരുന്നു പയോഗം, സ്ഥിരമായ കലഹങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, സ്വഭാവത്തിലെ വൈകല്യങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങൾ ഇത്തരം സംഭവങ്ങൾക്ക് പുറകിലുണ്ട്.

നമ്മുടെ തലച്ചോറിൽ നിലനിൽക്കുന്ന ദർപ്പണ നാഡീവ്യൂഹങ്ങൾ (മിറർ ന്യൂറോൺസ്) എന്ന നാഡീകോശങ്ങളുടെ പ്രവർത്തനം വഴിയാണ് ഒരാളിൽ മനുഷ്യത്വം ഉണ്ടാകുന്നത്. ഒരാളെ മൃഗത്തിൽ നിന്നും മൃഗീയ വാസനങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്നതും മറ്റുള്ളവരുടെ വൈകാരിക അവസ്ഥകൾ കൃത്യമായി തിരിച്ചറിയാനും അത് ഉൾക്കൊള്ളാനും മറ്റുള്ളവരുടെ വേദനകൾ മനസ്സിലാക്കി അനുതാപത്തോടെ പെരുമാറാനും ഈ നാഡീവ്യൂഹങ്ങൾ നമ്മെ സഹായിക്കുന്നു. ചെറുപ്രായത്തിൽ തന്നെ ദയ, കാരുണ്യം, അലിവ്, പരോപകാരം, മൃദുല ഭാവം, ആർദ്രത എന്നിങ്ങനെയുള്ള വികാരങ്ങൾ മനുഷ്യരിൽ അന്തർലീനമാക്കുന്നത് ദർപ്പണ നാഡീവ്യൂഹങ്ങളാണ്. ഇവയൊക്കെ മാതാപിതാക്കൾ കാണിച്ചുകൊടുക്കുമ്പോഴാണ് ദർപ്പണം നാഡിവ്യൂഹങ്ങൾ വളർച്ച കൈവരിക്കുന്നത്. എന്നാൽ സ്വഭാവദൂഷ്യ രോഗം (കോൺടാക്ട് ഡിസോർഡർ) എന്ന അവസ്ഥയുള്ളവരിൽ ഈ നാഡീവ്യൂഹ വ്യവസ്ഥ താറുമാറായിരിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരം കോൺടാക്ട് ഡിസോർഡർ ഉള്ളവർ മൃഗങ്ങളോടും മനുഷ്യരോടും ക്രൂരത കാട്ടും.

# ഫോർട്ട് കൊച്ചി-വൈപ്പിൻ റോ-റോ വനിതകൾക്ക് യാത്ര സൗജന്യം

**ജോമോൻ**



കൊച്ചി: ഫോർട്ട് കൊച്ചി–വൈപ്പിൻ റൂട്ടിലെ റോ–റോ ഫെറി സർവീസിൽ വനിതകൾക്ക് സൗജന്യ യാത്ര പ്രഖ്യാപിച്ചു കൊച്ചി കോർപറേഷൻ. പുതിയതായി നിർമിച്ച റോ–റോ സർവീസ് ആരംഭിക്കുന്നതിനൊപ്പം വനിതകൾക്കുള്ള സൗജന്യ യാത്രയും തുടങ്ങുമെന്ന് മേയർ വി.കെ. മിനിമോൾ പറഞ്ഞു. കോർപറേഷനുവേണ്ടി കൊച്ചിൻ ഷിപ്യാർഡ് നിർമിച്ച മൂന്നാമത്തെ റോ–റോ സേതുസാഗരഗ് 3 അടുത്തിടെ നീറ്റിലിറക്കിയിരുന്നു. മുഖ്യമന്ത്രി വി.ഡി.സതീശന്റെ സൗകര്യം കൂടി പരിഗണിച്ചു പുതിയ റോ–റോയുടെ സർവീസ് ഉദ്ഘാടനം ചെയ്യും.

വനിത യാത്രക്കാർക്ക് മാത്രമാണ് സൗജന്യം. 3 രൂപയാണ് റോ–റോയിലെ യാത്രാ നിരക്ക്. അതേ സമയം റോ–റോയിൽ കയറ്റുന്ന, വനിതകൾ ഡ്രൈവ് ചെയ്യുന്ന വാഹനങ്ങൾക്ക് സൗജന്യം ബാധകമാകില്ല. അവർ പതിവുപോലെ ടിക്കറ്റെടുക്കണം.

റോ–റോയിൽ വനിതകൾക്ക് സൗജന്യ യാത്ര അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥിരസമിതി ചെയർമാൻ കെ.എ.മനാഫ് അവതരിപ്പിച്ച പ്രമേയം കോർപറേഷൻ കൗൺസിൽ അംഗീകരിക്കുകയായിരുന്നു.

കൊച്ചി കോർപറേഷന്റെ ഉടമസ്ഥതയിലാണെങ്കിലും കേരള ഉൾനാടൻ ജലഗതാഗത കോർപറേഷനാണ് (കെഎസ്ഐഎൻസി) റോ–റോ സർവീസ് നടത്തുന്നത്. സർവീസ് നഷ്ടത്തിലാകുന്നതുമായി ബന്ധപ്പെട്ട് കോർപറേഷനും കെഎസ്ഐഎൻസിയും തമ്മിൽ തർക്കമുണ്ട്.

റോ–റോ സർവീസ് നടത്തിപ്പിന് പ്രത്യേക സ്പെഷൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നത് പഠിക്കാൻ കോർപറേഷൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്.




# ട്രോളിങ് നിരോധനംമൂലം മീൻ വില കുതിക്കുന്നു

കൊച്ചി: ട്രോളിങ് നിരോധനം തുടരുന്നതിനിടെ വിപണിയിൽ മീൻവില കുതിക്കുന്നു. മത്തി കിലോക്ക് 350 മുതൽ 480 വരെയാണ്. മത്തി, അയല, കിളിമീൻ എന്നിവയ്ക്കാണ് ഈ സീസണിൽ ഏറ്റവും വിലവർദ്ധന.

കൊച്ചി തീരമേഖലകളിൽ വൈപ്പിൻ, ഞായറയ്ക്കൽ ഭാഗത്താണ് മത്സ്യവിലയിൽ അല്പം ആശ്വാസം. ഞാറയ്ക്കലിൽ മത്തി 350 രൂപയ്ക്ക് കിട്ടുമെങ്കിലും കൊച്ചിയിൽ അത് 400 കടന്നു. ഓൺലൈൻ വിപണിയിൽ വില ഉയർന്ന് 480–500 നിലവാരത്തിലാണ്. അയല വളരെ കുറച്ചു മാത്രമാണ് വിപണിയിൽ എത്തുന്നത്.

കൊച്ചി മാർക്കറ്റിൽ വേളൂരി–360, കൊഴുവ–240, ചെമ്മീൻ (നാരൻ)–400, കരിമീൻ – 600–700 എന്നിങ്ങനെയാണ് മീൻവില. വേളൂരി കിലോയ്ക്ക് 240 രൂപ മുതലും കൊഴുവ 150 രൂപ മുതലും കിട്ടിയതാണ് ഞാറയ്ക്കൽ നിന്നുള്ള ആശ്വാസ വാർത്ത. കിളിമീൻ 410, കേര 450, കരിമീൻ 600, തിലാപ്പിയ 340 എന്നിങ്ങനെയാണ് മറ്റു മീനുകളുടെ വില മുവാറ്റുപുഴ മേഖലയിൽ മത്തി വില ഒറ്റ ദിവസം കൊണ്ട് 100 രൂപ കയറി 400ന് മുകളിലെത്തി. കിളിമീൻ 550, കൊഴുവ 350, കേര 500–600, ചെമ്മീൻ 600 –700 എന്നിങ്ങനെയാണ് മറ്റുള്ളവയുടെ വിലനിലവാരം.

# ഇഎസ്ഐ ആശുപത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കണം: ഹൈബി ഈഡൻ




കൊച്ചി: എറണാകുളം നോർത്തിലെ ഇഎസ്ഐ ആശുപത്രി, ഫോർട്ട്കൊച്ചിയിലെ ഇഎസ്ഐ ഡിസ്പെൻസറി എന്നിവ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ഹൈബി ഈഡൻ എംപി ആവശ്യപ്പെട്ടു.

ഇക്കാര്യമാവശ്യപ്പെട്ട് കേന്ദ്ര തൊഴിൽ മന്ത്രി ഡോ. മൻസൂഖ മാണ്ഡവ്യയ്ക്ക് എംപി കത്തു നൽകി. എറണാകുളം നോർത്തിലെ ഇഎസ്ഐ ആശുപത്രിയുടെ മേൽക്കൂരയുടെ ഭാഗം തകർന്നു വീണ് വാർഡ് അടച്ചിടേണ്ട സാഹചര്യം എംപി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

വർഷങ്ങളുടെ പഴക്കമുള്ള കെട്ടിടത്തിലാണ് ഇഎസ്ഐ ആശുപത്രി പ്രവർത്തിക്കുന്നത്. രോഗികളുടെയും ജീവനക്കാരുടെയും സുരക്ഷയെ ബാധിക്കുന്ന തരത്തിൽ ശോചനീയ സ്ഥിതിയിലാണ് കെട്ടിടം.

മഴയിൽ ചോർന്നൊലിക്കുന്ന നിലയിലാണ് കെട്ടിടം. ഇവിടെ 100 കിടക്കകളുള്ള പുതിയ ഇഎസ്ഐ ആശുപത്രി നിർമിക്കാനുള്ള പദ്ധതിക്ക് വേഗം കൂട്ടണം.

അതു സജ്ജമാകുന്നതു വരെ നിലവിലെ ആശുപത്രി കെട്ടിടം സമഗ്രമായി നവീകരണം.

താൽക്കാലിക കെട്ടിടം കണ്ടെത്തി ആരോഗ്യ സേവനങ്ങൾ തടസ്സമില്ലാതെ തുടരാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഹൈബി ഈഡൻ ആവശ്യപ്പെട്ടു.

# ‘റിവൈവ’ ഫിസിയോതെറാപ്പി കേന്ദ്രം തുറന്നു

കൊച്ചി: മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിലുള്ള ‘റിവൈവ’ ഫിസിയോതെറാപ്പി കേന്ദ്രം പ്രവർത്തനം തുടങ്ങി. മേയർ വി.കെ.മിനിമോൾ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിങ് ഡയറക്ടർ ഡോ. പി.വിലൂയിസ്, മെഡിക്കൽ ആന്റ് കമേഴ്സ്യൽ ഡയറക്ടർ ഡോ. പി.വി.തോമസ്, ഫിനാൻസ് ഡയറക്ടർ പി.വി.സേവ്യർ തുടങ്ങിയവർ പ്രസംഗിച്ചു. ഓർത്തോംപീഡിക്, മന്യൂറോളജിക്കൽ, സ്പോർട്സ് പരുക്കുകൾ, പോസ്റ്റ്–ഓപ്പറേറ്റീവ് റിഹാബിലിറ്റേഷൻ തുടങ്ങിയ മേഖലകളിൽ ഫിസിയോതെറാപ്പി സേവനങ്ങൾ ലഭ്യമാകും.






തരുൺ മൂർത്തി സംവിധാനം ചെയ്യുന്ന അതിമനോഹരം എന്ന ചിത്രം ആഷിക്ക് പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിക്ക് ഉസ്മാൻ നിർമ്മിക്കുന്നു.

ലൗലജൻ പിസി എന്ന പൊലീസ് സബ്ബ് ഇൻസ്പക്ടറുടെ കഥാപാത്രമാണ് ഇതിൽ മോഹൻലാൽ കൈയ്യാളുന്നത്. അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതവും കുടുംബജീവിതവും കോർത്തിണക്കിക്കൊണ്ടാണ് തരുൺ മൂർത്തി ഈ ചിത്രത്തെ അവതരിപ്പിക്കുന്നത്.

മോഹൻലാലും മീരാ ജാസ്മിനുമാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ലാലു അലക്സ്, മനോജ്.കെ. ജയൻ, മുകേഷ്, ജഗദീഷ്, ഇർഷാദ്, പ്രമോദ് വെളിയനാട്, സജീവൻ, ശ്രീനാഥ് ബാബു, കിരൺ പീതാംബരൻ, വിജി വിശ്വനാഥ്, ഭാമ അരുൺ, പ്രാർത്ഥന എന്നിവരാണ് മറ്റ് അഭിനേതാക്കൾ.

രതീഷ് രവിയുടേതാണ് തിരക്കഥ. സംഗീതം-ജെയ്ക്ക് ബിജോയ്സ്. ഷാജികുമാറാണ് ഛായാഗ്രാഹകൻ. എഡിറ്റിംഗ്- വിവേക് ഹർഷൻ. കലാസംവിധാനം - ഗോകുൽ ദാസ്. മേക്കപ്പ് - റോണക്സ് സേവ്യർ. സെൻട്രൽ പിക്ച്ചേഴ്സാണ് ഈ ചിത്രം പ്രദർശനത്തിനെത്തിക്കുന്നത്.




വൗ സിനിമാസിന്റെ ബാനറിൽ സന്തോഷ് ത്രിവിക്രമൻ നിർമ്മിച്ച് എം.പത്മകുമാർ സംവിധാനം ചെയ്യുന്ന ഉയിർ എന്ന ചിത്രം ഉടൻ റിലീസിംഗിനൊരുങ്ങി. മലബാറിൽ നടന്ന ഒരു യഥാർത്ഥ സംഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ചിത്രത്തിന്റെ കഥ രൂപപ്പെട്ടിരിക്കുന്നത്.

ഇൻസ്പക്ടർ അൻഷാദിന്റെ മുല കഥക്ക് ഷാജി മാറാടും നിഖിൽ കെ. മേനോനും ചേർന്ന് തിരക്കഥ രചിച്ചിരിക്കുന്നു.

റോഷൻ മാത്യു കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ശ്രുതി മേനോൻ നായികയാകുന്നു. ബൈജു സന്തോഷ്, അതുല്യ ചന്ദ്രൻ, വിനീത് തട്ടിൽ, ഷാജു ശ്രീധർ, എന്നിവരോടൊപ്പം തമിഴ്, മലയാളം ഭാഷകളിൽ ശ്രദ്ധേയരായ ഹരീഷ്, വിനോദ് സാഗർ എന്നിവരും ബോളിവുഡിലെ പ്രമുഖ താരങ്ങളായ സെയ്യാമി ഖേറും, മഹേഷ് ഷെട്ടിയും കൂടാതെ മാസ്റ്റർ ആര്യൻ എസ് പൂജാരി, ബേബി മിത്രാ സഞ്ജയ് എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു

ഷിബു ചക്രവർത്തി, സന്തോഷ് വർമ്മ എന്നിവരുടെ ഗാനങ്ങൾക്ക് മണികണ്ഠൻ അയ്യപ്പ ഈണം പകർന്നിരിക്കുന്നു. ഛായാഗ്രഹണം - അജയ് ഡേവിഡ് കാച്ചപ്പിള്ളി. എഡിറ്റിംഗ് - രഞ്ജൻ ഏബ്രഹാം. കലാസംവിധാനം - സാബുറാം. മേക്കപ്പ് - പി.വി. ശങ്കർ. കോസ്റ്റ്യൂം - ഡിസൈൻ- അയിഷസഫീർസേട്ട്. ഡിസൈൻ - കൊളിൻസ് ലിയോഫിൽ.

സെഞ്ചറി ഫിലിംസ് ഈ ചിത്രം തിയ്യേറ്ററുകളിൽ എത്തിക്കുന്നു

വായിക്കുക...
വരിക്കാരാവുക...
പ്രചരിപ്പിക്കുക...

മാർക്കറ്റിംഗ് ഫീച്ചറുകൾക്കും പരസ്യ അന്വേഷണങ്ങൾക്കും ബന്ധപ്പെടുക

മാനേജർ, കൊച്ചിൻ പത്രിക
നോർത്ത് പാലാതുരുത്തി ഫസ്റ്റ് സ്ട്രീറ്റ്
കലൂർ പി.ഒ., കൊച്ചി – 682 017
ഫോൺ : +91 484 – 2338268, 3917321
ഫാക്സ് : +91 484 2402389
മൊബൈൽ : +91 9447090041
Website : www.kochinpathrika.com
E-mail : mail@kochinpathrika.com
kochinpathrika1@rediffmail.com




കേരളാ ടാക്കീസിന്റെ ബാനറിൽ എം.എ.നിഷാദ് രചനയും സംവിധാനവും നിർവഹിക്കുന്ന ലർക്ക് തിയേറ്ററുകളിലെത്തുന്നു.

സൈജു കുറുപ്പ്, അജു വർഗീസ് എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങൾ.

എലൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ്, ബ്രിക്ക് സ്ട്രീറ്റ് ആന്റ് കോ, സെൻസ് അഡ്വഞ്ചർ ടൂർസ്, അരുൺ കുമാർ ടി.വി., മനോജ് രത്നാകരൻ എന്നിവരാണ് കേരള ടാക്കിസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ സഹ നിർമ്മാതാക്കൾ.

ആർ. ഹരികുമാർ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ടി.ജി.രവി, പ്രശാന്ത് അലക്സാണ്ടർ, എം.എ.നിഷാദ്, ജാഫർ ഇടുക്കി, സുധീർ കരമന, പ്രശാന്ത് മുരളി, വിജയ് മേനോൻ, സജി സോമൻ, ബിജു സോപാനം, സോഹൻ സീനുലാൽ, വിനോദ് കെടാമംഗലം, അനുമോൾ, മഞ്ജു പിള്ള, മുത്തുമണി, സരിത കുക്കു, സന്ധ്യാ മനോജ്,സ്മിനു സിജോ, രമ്യാ പണിക്കർ, ബിന്ദു പ്രദീപ്, നീതാ മനോജ്, ഷീജാ വക്കപ്പാടി, അനന്ത ലക്ഷ്മി, ബീനാ സജി കുമാർ, ഭദ്ര തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.

തിരക്കഥ സംഭാഷണം -ജുബിൻ ജേക്കബ്. ഛായാഗ്രഹണം - രജീഷ് രാമൻ, എഡിറ്റിംഗ്-വിപിൻ മണ്ണൂർ, പശ്ചാത്തല സംഗീതം - പ്രകാശ് അലക്സ്.

– ജോളി സൈമൺ

# രാംസൺസിന്റെ ബ്രാന്റ് അംബാസഡറായി മോഹൻലാൽ

**സ്വന്തം ലേഖകൻ**

കൊച്ചി: വസ്ത്രവ്യാപാര സ്ഥാപനമായ രാംസൺസ് ധോത്തിസ് ആന്റ് ടെക്സ്റ്റൈൽസ് ബ്രാന്റ് അംബാസഡറായി മോഹൻലാലിനെ പ്രഖ്യാപിച്ചു.

കുത്താമ്പുള്ളിയെ നെയ്ത്ത് ഗ്രാമമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ച പരേതനായ പി.വി.രാമസ്വാമി 1945 ൽ രൂപീകരിച്ചതാണ് രാംസൺസ് ധോത്തിസ് ആന്റ് ടെക്സ്റ്റൈൽസ് പരമ്പരാഗത മുണ്ടുകൾ, സാരികൾ ദാവണികൾ, കുട്ടികളുടെ പട്ടു പാവാടകൾ എന്നിവയ്ക്ക് പുറമേ സ്ത്രീ, പുരുഷ വിഭാഗങ്ങൾക്കായുള്ള അത്യാധുനിക ഫാഷൻ ഉല്പന്നങ്ങളുടെ വിപുലമായ ശേഖരവും രാംസൺസ് വിപണിയിൽ എത്തിക്കുന്നുണ്ട്.



*രാംസൺസ് ധോത്തിസ് ആന്റ് ടെക്സ്റ്റൈൽസ് ബ്രാന്റ് അംബാസഡറായി മോഹൻലാൽ*

മോഹൻലാൽ കേന്ദ്ര കഥാപാത്രമാകുന്ന രാംസൺസിന്റെ ആദ്യ ബ്രാന്റ് പരസ്യ ചിത്രത്തിന്റെ ചിത്രീകരണം ഉടൻ പൂർത്തിയാക്കുമെന്ന് കമ്പനി അറിയിച്ചു. കേരളത്തിന്റെ തനത് സംസ്കാരവും പാരമ്പര്യവും വിളിച്ചോതുന്ന രീതിയിലാണ് ഈ പരസ്യ ചിത്രം ഒരുക്കുക.




# ഒടിടിയും ചാനലുകളും ഒരുമിച്ച് വിസീവൈ ടിവിയുമായി ഡിഷ്

കൊച്ചി: മാസം 149 രൂപ നിരക്കിൽ 35 മലയാളം ചാനലുകളും ഫുട്ബോൾ ലോകകപ്പ് ഉൾപ്പെടെ സ്പോർട്സ് ചാനലുകളും കാണാൻ കഴിയുന്ന പദ്ധതി ഡിഷ് ടിവി ആരംഭിച്ചു. റീചാർജ് ചെയ്തില്ലെങ്കിലും കട്ട് ചെയ്യാതെ 190 ചാനൽ ഇതിൽ ലഭ്യമാകും. മലയാളത്തിന് പുറമേ തമിഴ്, തെലുങ്ക്, കന്നഡ ചാനലുകളും കാണാൻ മാസം 199 രൂപ നിരക്ക്. എന്നാൽ മറ്റ് ഭാഷകൾ വേണമെങ്കിൽ 50 രൂപ എക്സ്ട്രാ നൽകണം.

ഡിഷ് ടിവി പുറത്തിറക്കിയ വിസീവൈ സ്മാർട്ട് ടിവികളിലാണ് ഈ സൗകര്യങ്ങളുള്ളത്. പ്രാദേശിക ഉള്ളടക്കത്തിന് പുറമേ ലൈവ് ടിവി വാർത്തകളും ഒടിടി പ്ലാറ്റ്ഫോമുകളും സ്പോർട്സുമെല്ലം ഒറ്റയടിക്ക് ഈ ടിവിയിലൂടെ ലഭ്യമാകുമെന്നതാണ് പ്രത്യേകത. പ്രത്യേകം വരിസംഖ്യ നൽകേണ്ടതില്ല.

ആധുനിക ഓഡിയോ, ഡിസ്പ്ലേ സംവിധാനമുള്ള പുതിയ ടിവിക്ക് 65 ഇഞ്ച് വരെയുള്ള മോഡലുകളുണ്ട്. ടിവിയിലൂടെ ലഭ്യമാവുന്ന മുഴുവൻ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരികയാണ് ഡിഷ് ടിവിയുടെ വിസീവൈ സ്മാർട്ട് ടിവികൾ.

# എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സ് ബ്രാന്റ് അംബാസഡറായി കുഞ്ചാക്കോ ബോബൻ

കൊച്ചി: പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ ബ്രാന്റ് അംബാസഡറായി മലയാളികളുടെ പ്രിയതാരം കുഞ്ചാക്കോ ബോബനെ പ്രഖ്യാപിച്ചു. എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സ് ചെയർമാൻ അബ്ദുൾ റഹ്മാൻ കുഞ്ഞ്, മാനേജിംഗ് ഡയറക്ടർ ഷഫീഖ് എ. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

25 വർഷത്തെ പാരമ്പര്യമുള്ളതും ജനങ്ങളുടെ വിശ്വാസം നേടിയതുമായ എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സ് പോലൊരു ബ്രാന്റിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് കുഞ്ചാക്കോ ബോബൻ പറഞ്ഞു.



*എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ ബ്രാന്റ് അംബാസഡറായി കുഞ്ചാക്കോ ബോബൻ*

കേരളത്തിലെ കുടുംബ പ്രേക്ഷകരുടെ പ്രിയ താരമായ കുഞ്ചാക്കോ ബോബൻ ബ്രാന്റ് അംബാസഡറായി എത്തുന്നത് എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ വളർച്ചയ്ക്ക് കൂടുതൽ കരുത്തേകുമെന്ന് മാനേജിംഗ് ഡയറക്ടർ ഷഫീഖ് എ. പറഞ്ഞു.

2000–ൽ പ്രവർത്തനം ആരംഭിച്ച എ.ജി.ഡി ഗോൾഡ് ആന്റ് ഡയമണ്ട്സിന് കാൽ നൂറ്റാണ്ടിന്റെ പാരമ്പര്യവും വിശ്വസ്തതയുമുണ്ട്. കായംകുളം, ചങ്ങനാശ്ശേരി, കൊച്ചി എന്നിവിടങ്ങൾക്ക് പുറമെ യുഎഇയിലും എ.ജി.ഡിക്ക് നിലവിൽ ശാഖകളുണ്ട്.

# പാസ്പോർട്ട് പൗരത്വരേഖയല്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: പൗരത്വം തെളിയിക്കാനുള്ള രേഖയല്ല പാസ്പോർട്ടെന്നും അതു യാത്രാരേഖ മാത്രമാണെന്നും വിദേശകാര്യ മന്ത്രാലയം. സമഗ്ര വോട്ടർ പട്ടിക പരിഷ്കരണവും പൗരത്വം തെളിയിക്കുന്ന രേഖകളും സംബന്ധിച്ച ചർച്ചകൾ തുടരുന്നതിനിടെയാണ് വിശദീകരണം. ബയോമെട്രിക് ഡേറ്റയുള്ള ഇ–ചിപ്പ് ഘടിപ്പിച്ചതോടെ ഇന്ത്യൻ പാസ്പോർട്ടിന് രാജ്യാന്തര തലത്തിൽ കൂടുതൽ സ്വീകാര്യതയുണ്ടെന്നും തട്ടിപ്പിനുള്ള സാധ്യത കുറഞ്ഞെന്നും അധികൃതർ വ്യക്തമാക്കി.

# എക്മോ ചികിത്സയിലൂടെ രോഗിക്ക് പുതുജീവനേകി അപ്പോളോ ആശുപത്രി

കൊച്ചി: അങ്കമാലി അപ്പോളോ അഡ്ലക്സ് ആശുപത്രിയിൽ അത്യാധുനിക എക്മോ ചികിത്സയിലൂടെ 22 കാരന് രോഗമുക്തി.

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്ന രാജസ്ഥാൻ സ്വദേശിയെയാണ് ശ്വാസകോശ പ്രശ്നങ്ങളെ തുടർന്ന് അതീവ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നത്.

ശ്വാസകോശത്തിലുണ്ടായ രക്തസ്രാവം ശരീരത്തിലെ ഓക്സിജൻ വിതരണത്തെ ബാധിച്ച നിലയിലാണ് യുവാവിനെ മധ്യകേരളത്തിലെ ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

തുടർന്ന് അപ്പോളോ അഡ്ലക്സ് ആശുപത്രിയിലെ ക്രിട്ടിക്കൽ കെയർ വിഭാഗം അസോഷ്യേറ്റ് കൺസൽറ്റന്റ് ഡോ. എം.ശ്രീവത്സ നാഗചന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം രോഗിയെ പ്രവേശിപ്പിച്ച ആശുപത്രിയിലെത്തി ജീവൻ രക്ഷാ സംവിധാനമായ എക്സ്ട്രാ കോർപറൽ മെംബ്രെയ്ൻ ഓക്സിജനേഷൻ (എക്മോ) ഘടിപ്പിക്കുകയായിരുന്നു.

തുടർന്നു രോഗിയെ അപ്പോളോയിലേക്ക് മാറ്റി.

ആഴ്ചകൾ നീണ്ട ചികിത്സയ്ക്കൊടുവിൽ സുഖം പ്രാപിച്ചു.

ഡോ. രഞ്ജിത് ഉണ്ണിക്കൃഷ്ണൻ, ഡോ. ഡി.ലിഖിത് റോഡ്, ഡോ കെ.പി.ബിനോയ് സേവ്യർ, എക്മോ കോഓർഡിനേറ്റർമാരായ ബിജോ മാത്യൂസ്, അഭിജിത് അനിൽകുമാർ, കാർത്തിക് മേനോൻ, അതുല്യ മോഹൻ തുടങ്ങിയവർ ചികിത്സയ്ക്ക് നേതൃത്വം നൽകി.

ഈ നേട്ടം കൊച്ചിൻ പത്രികയ്ക്ക് മാത്രം സ്വന്തം!!!

29 വർഷം കൊണ്ട്
100% വളർച്ച!

കൊച്ചിൻ പത്രിക എന്നും
കൊച്ചി നഗരത്തിന്റെ കുതിപ്പിനൊപ്പം!

വായനക്കാരും പരസ്യം നൽകുന്നവരും
ഒരേ സമയം അംഗീകരിക്കുന്നു
നഗരസ്പന്ദനങ്ങളുടെ നേർചിത്രം, കാണാൻ
കൊച്ചിൻ പത്രിക വായിക്കൂ!

| പരസ്യ നിരക്ക് | | വരിസംഖ്യാ നിരക്ക് | |
|---|---|---|---|
| Col. cm | : Rs. 200/- | Yearly | : Rs. 120/- |
| Classified: | Rs. 100/- | Life Subscription | : Rs. 1800/- |

Colour : Rs. 400/-

സ്ഥിരം ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്
കൊച്ചിൻ പത്രിക സൗജന്യമായി നൽകുന്നു

# തൊഴിലാളി ക്ഷാമം മൂലം നിർമ്മാണ മേഖല സ്തംഭിച്ചു

**സ്വന്തം ലേഖകൻ**



കൊച്ചി; ബംഗാളിലേക്കും അസമിലേക്കും മടങ്ങിപ്പോയ അതിഥി തൊഴിലാളികൾ തിരികെ വരാത്തതും പ്രാദേശിക തൊഴിലാളികളുടെ ക്ഷാമവും മൂലവും നിർമാണ പ്രവൃത്തികൾ പാതിവഴിയിൽ സ്തംഭിക്കുന്നു. വികസന പദ്ധതികളും ഭവന നിർമാണങ്ങളും തീർക്കാൻ കഴിയാതെ ചെറുകിട വൻകിട കരാറുകാർ വലയുകയാണ്. വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന ആവശ്യവുമായി കരാറുകാരുടെ സംഘടനകൾ രംഗത്തെത്തി.

ബംഗാൾ, അസം സംസ്ഥാനങ്ങളിൽ നിന്നായിരുന്നു നിർമാണ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികൾ എത്തിയിരുന്നത്. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അവിടങ്ങളിലേക്ക് പോയവരിൽ 40% മാത്രമാണ് മടങ്ങിയെത്തിയത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിളവെടുപ്പ് സീസൺ ആരംഭിച്ചതും അവിടെത്തന്നെ പുതിയ തൊഴിലവസരങ്ങൾ വർധിച്ചതും കേരളത്തിലേക്കുള്ള തൊഴിലാളികളുടെ ഒഴുക്ക് കുറച്ചു. നിലവിലുള്ള തൊഴിലാളികൾ അമിത കൂലി ആവശ്യപ്പെടുന്നത് ചെറുകിട കരാറുകാരെയും സാധാരണക്കാരായ വീടുപണിക്കാരെയും വലിയ സാമ്പത്തിക ബാധ്യതയിലാക്കുന്നു. നിർമാണ മേഖലയിലെ കഠിനമായ ജോലികൾക്ക് മലയാളി തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ വർഷങ്ങളായി തുടരുകയാണ്.

ഇതോടെ സർക്കാരിന്റെ വികസന പദ്ധതികൾ ഉൾപ്പെടെ പലതും കരാറെടുത്ത് നടത്താൻ കഴിയുന്നില്ല. തൊഴിലാളികളെ കിട്ടാനില്ലാത്തതിനാൽ കൃത്യസമയത്ത് പണി തീർക്കാൻ കഴിയുന്നില്ല. ഇത് വലിയ തുക പിഴയൊടുക്കേണ്ടിവരുന്ന അവസ്ഥയിലെക്കാണ് കരാറുകാരെ എത്തിക്കുന്നത്. ഇന്ധന വില വർധനയും നിർമാണ സാമഗ്രികളുടെ വില വർധനയും തിരിച്ചടിയാകുന്നുണ്ട്.

സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ, തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡ് നിർമാണങ്ങൾ, സ്വകാര്യ കെട്ടിട നിർമാണങ്ങൾ എന്നിവയെല്ലാം ഈ പ്രതിസന്ധി മൂലം അനിശ്ചിതത്വത്തിലാണ്. ലേബർ ബാങ്കുകൾ സ്ഥാപിച്ച് തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്താനും കൃത്യമായ തിരിച്ചറിയൽ രേഖകളുള്ള തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഒരുക്കാനും സർക്കാർ മുൻകൈ എടുക്കണമെന്നാണ് കരാറുകാരുടെ പ്രധാന ആവശ്യം.




# പ്രാജ് ഇൻഡസ്ട്രീസുമായി കൈകോർത്ത് സെൻട്രിയൽ ബയോഫ്യുവൽസ്

കൊച്ചി: ഇന്ത്യയുടെ ഹരിത ഊർജ്ജ മേഖലയിലും എഥനോൾ ഉല്പാദന രംഗത്തും നിർണായക ചുവടുവെപ്പായി ഗോവയിൽ 700 കോടി രൂപയുടെ വൻകിട ധാന്യ അധിഷ്ഠിത എഥനോൾ പ്ലാന്റ് യാഥാർഥ്യമാകുന്നു. രാജ്യത്തെ പ്രമുഖ ബയോഎനർജി, ഇൻഡസ്ട്രിയൽ ബയോടെക്നോളജി, എഞ്ചിനീയറിംഗ് സ്ഥാപനമായ പ്രാജ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ സാങ്കേതിക സഹകരണത്തോടെയാണ് സെൻട്രിയൽ ബയോഫ്യുവൽസ് ലിമിറ്റഡ് പദ്ധതി നടപ്പാക്കുന്നത്.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ധാന്യ അധിഷ്ഠിത എഥനോൾ പദ്ധതികളിലൊന്നായി കണക്കാക്കപ്പെടുന്ന ഈ സംരംഭം ഗോവയിലെ ബിച്ചോലിം താലൂക്കിലെ നവേലിമിലാണ് സ്ഥാപിക്കുന്നത്. രാജ്യത്തിന്റെ എഥനോൾ ബ്ലെൻഡിംഗ് പദ്ധതിക്ക് ശക്തമായ പിന്തുണ നൽകുന്നതിനൊപ്പം ഇന്ത്യയുടെ ഊർജ്ജ സ്വയംപര്യാപ്തതയിലേക്കുള്ള യാത്രയിൽ നിർണായക പങ്കുവഹിക്കാനും പദ്ധതി ലക്ഷ്യമിടുന്നതായി സെൻട്രിയൽ ബയോഫ്യൂവൽസ് എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവീൺ ഗോപകുമാർ പറഞ്ഞു.

പ്ലാന്റ് പ്രവർത്തനം ആരംഭിച്ച് അഞ്ച് വർഷത്തിനുള്ളിൽ എഥനോൾ, മൂല്യവർധിത സഹോല്പന്നങ്ങൾ, അനുബന്ധ ബിസിനസുകൾ എന്നിവയിലൂടെ ഏകദേശം 7,500 കോടി രൂപയുടെ വാർഷിക വരുമാനം കൈവരിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.

പത്രസമ്മേളനത്തിൽ പ്രാജ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് യഷോധൻ മൻകാമെ, അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് പ്രമോദ് പിള്ള, ജോയിന്റ് ജനറൽ മാനേജർ ബി.കെ.രാഘവേന്ദ്ര, സന്ദീപ് തോമസ് എന്നിവർ പ്രസംഗിച്ചു.

# കേരളത്തിന് വിബി-ജിറാം ജീയിൽ 3,136 കോടി അനുവദിച്ചു

ന്യൂഡൽഹി: മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുപകരം മോദി സർക്കാർ കൊണ്ടുവന്ന വിബി-ജി റാം ജി (വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ ഗ്രാമീൺ) പദ്ധതി നടപ്പാക്കാൻ കേന്ദ്രം കേരളത്തിന് 3,136.44 കോടി രൂപ അനുവദിച്ചു.

പുതിയ പദ്ധതിയനുസരിച്ച് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഹിമാലയൻ സംസ്ഥാനങ്ങൾ, ചില കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെയുള്ള ഇടങ്ങളിൽ ചെലവ് 60 –40 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും വഹിക്കണം. ഇതുപ്രകാരം സംസ്ഥാന വിഹിതമായി ഏകദേശം 2,090 കോടി രൂപ കണ്ടെത്തേണ്ടിവരും. കേന്ദ്രത്തിന്റെയും സം സ്ഥാനത്തിന്റെയും വിഹിതം കൂട്ടിയാൽ ആകെ നീക്കിയിരിപ്പ് 5,227 കോടി രൂപയാകും.

VB-GRAM G Act
Viksit Bharat 2047

ജൂലൈ ഒന്നിന് പുതിയ പദ്ധതി പ്രാബല്യത്തിൽ വരുന്നതോടെ യുപിഎ സർക്കാർ 2 പതിറ്റാണ്ടുമുൻപ് കൊണ്ടുവന്ന തൊഴിലുറപ്പ് നിയമം ഓർമയാകും. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനച്ചെലവ് കേന്ദ്രം വഹിക്കുകയാണ് ചെയ്തത്.

സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കുമായി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ആകെ 95,692.31 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചിരിക്കുന്നത്. പഴയ പദ്ധതി പ്രകാരം ശേഷിക്കുന്ന പ്രവൃത്തികൾ തീർക്കാൻ 30,000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പുതിയ പദ്ധതിക്ക് 26 സംസ്ഥാനങ്ങൾ ബജറ്റിൽ തുക നീക്കിവച്ചു. തൊഴിൽദിനങ്ങൾ പ്രതിവർഷം 100ൽ നിന്ന് 125 ദിവസമാകും. പുതിയ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്കിടയിൽ പങ്കിടാൻ ദാരിദ്രസൂചികയിലെ അന്തരം 2011–ലെ ജനസംഖ്യ അടക്കം 6 മാനദണ്ഡങ്ങൾ ഉണ്ടാകും.

ഇതു സംബന്ധിച്ച കരടുചട്ടം കേന്ദ്രം പൊതുജനാഭിപ്രായം തേടാനായി പ്രസിദ്ധീകരിച്ചിരുന്നു. ഇത് അന്തിമമാക്കാൻ സമയമെടുക്കുമെന്നതിനാലാണ് ഇടക്കാല വിഹിതമെന്ന നിലയിൽ തുക അനുവദിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾ കഴിവതും വേഗം വിജ്ഞാപനം പുറത്തിറക്കണമെന്ന് സംസ്ഥാന ഗ്രാമവികസന മന്ത്രിയുടെ ഓൺലൈൻ യോഗത്തിൽ കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ അഭ്യർഥിച്ചു.

ഏറ്റവും കൂടുതൽ വിഹിതം ഉത്തർപ്രദേശിനാണ്. 9,721.48 കോടി രൂപ. ബംഗാൾ (8,508 കോടി രൂപ), തമിഴ്നാട് (7,585 കോടി), ആന്ധ്രപ്രദേശ് (്രൂ7,707.21 കോടി രൂപ), ബിഹാർ (6,715.83 കോടി) എന്നിങ്ങനെയാണ് തുക അനുവദിച്ചിരിക്കുന്നത്.







# ഓൺലൈൻ തട്ടിപ്പിന് യുവതി പിടിയിൽ

**പ്രത്യേക ലേഖകൻ**

മാട്രിമോണിയൽ സൈറ്റ് വഴിയും സമൂഹമാധ്യമങ്ങൾ വഴിയും പരിചയപ്പെടുന്ന യുവാക്കളെ ജീവിത പങ്കാളിയാക്കാമെന്നും ബിസിനസ് പാർട്നർ ആക്കാമെന്നും പറഞ്ഞ് പലരിൽനിന്ന് പല പേരുകളിലായി പണം തട്ടിയെടുത്ത യുവതി പിടിയിൽ. ആലുവ എടത്തല സ്വദേശി ഷാല ഷമീർ (29) ആണ് പിടിയിലായത്.



വാഴക്കുളം മഞ്ഞപ്പെട്ടി സ്വദേശിയായ യുവാവിൽനിന്ന് 50 ലക്ഷം തട്ടിയെടുത്ത കേസിലാണ് അറസ്റ്റ്. 2024 സെപ്തംബർ 3 മുതൽ 2024 നവംബർ 20 വരെയുള്ള കാലയളവിൽ പല ദിവസങ്ങളിലായി ബാങ്ക് അക്കൗണ്ട് വഴിയും ഗൂഗിൾ പേ വഴിയും പണം കൈക്കലാക്കി. ഇവർ യുവാവിനെ ബിസിനസ് പാർട്നർ ആക്കുകയോ പണം തിരികെ നൽകുകയോ ചെയ്തില്ല. യുവാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്ത പോലീസ് പ്രതിയെ ഓടക്കാലിയിലെ വീട്ടിൽ നിന്ന് അറസ്റ്റ് ചെയ്തു.

വയനാട്, കോഴിക്കോട്, മലപ്പുറം, കോതമംഗലം, ആലുവ അടക്കമുള്ള വിവിധ പ്രദേശങ്ങളിൽ നിന്ന് സമൂഹമാധ്യമങ്ങൾ വഴി പരിചയപ്പെട്ട യുവാക്കളിൽ നിന്ന് സമാനമായ രീതിയിൽ തട്ടിപ്പ് നടത്തിയതായി വിവരമുണ്ട്. കൊച്ചിയിലെ പ്രമുഖ മാളിലേക്ക് കാരിബാഗുകൾ എത്തിക്കുന്നതിന്റെ ഓർഡർ വാങ്ങി നൽകാമെന്ന് പറഞ്ഞ് കോതമംഗലം സ്വദേശിയിൽ നിന്ന് 20 ലക്ഷത്തോളം രൂപയും ആലുവ സ്വദേശിയിൽനിന്ന് 11 ലക്ഷം രൂപയും തട്ടിയെടുത്തതായി വിവരമുണ്ട്. ഷാല ഷമീർ വിവാഹിതയാണ്. പ്രതിയെ റിമാന്റ് ചെയ്തു. പെരുമ്പാവൂർ എഎസ്പി ഹർദ്ദിക് മീണ രൂപീകരിച്ച അന്വേഷണ സംഘത്തിൽ പെരുമ്പാവൂർ ഇൻസ്പെക്ടർ എൽ. അനിൽകുമാർ, എസ്ഐമാരായ അസറഫി ഷഫീഖ്, ജോജോ ജോർജ്, വിഷ്ണു മുരളി, എഎസ്ഐ എം.ബി.സുബൈർ എന്നിവരാണുണ്ടായിരുന്നത്. ■

# കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ തദ്ദേശസ്ഥാപനങ്ങൾ തെളിക്കണം

കൊച്ചി: സ്ഥലമുടമ ആരാണെന്നു കണ്ടെത്താനായില്ലെങ്കിലും വിഷപ്പാമ്പുകളുടെ താവളമായി കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ വെട്ടിത്തെളിക്കണമെന്നു ഹൈക്കോടതി. ഇതിനുണ്ടാകുന്ന ചെലവ് പിന്നീട് ഉടമയെ കണ്ടെത്തുമ്പോൾ ഈടാക്കാവുന്നതാണെന്നും ജസ്റ്റിസ് പി.വി.കുഞ്ഞിക്കൃഷ്ണൻ വ്യക്തമാക്കി. ഇത്തരം സാഹചര്യങ്ങളിൽ സ്ഥലമുടമ ആരാണെന്നു കണ്ടെത്തിയില്ലെന്നു പറഞ്ഞു തദ്ദേശ സ്ഥാപനങ്ങൾക്ക് കയ്യുംകെട്ടി നിൽക്കാനാവില്ലെന്നും കോടതി പറഞ്ഞു.

അയൽപക്കത്തെ കാടുപിടിച്ച പറമ്പിൽനിന്ന് വിഷജന്തുക്കളുടെ ഭീഷണിയുണ്ടെന്നു ചൂണ്ടിക്കാട്ടി മാവേലിക്കര തെക്കേക്കര സ്വദേശി ജീജി വർഗീസ് നൽകിയ ഹർജിയിലാണ് ഉത്തരവ്. 10 ദിവസത്തിനുള്ളിൽ കാടുവെട്ടിത്തെളിക്കാൻ തെക്കേക്കര ഗ്രാമപഞ്ചായത്തിന് കോടതി നിർദേശം നൽകി.

അപകടകരമായ സാഹചര്യമാണെങ്കിൽ ഉടമയ്ക്ക് നോട്ടീസ് നൽകി കാത്തിരിക്കേണ്ടതില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 238, 239 വകുപ്പുകൾ പ്രകാരം ഇത്തരം ശല്യങ്ങൾ നീക്കം ചെയ്യാൻ തദ്ദേശ സ്ഥാപനത്തിന് അധികാരമുണ്ട്. ഉടമയെ അറിയില്ലെങ്കിൽ പോലും പഞ്ചായത്ത് സ്വന്തം നിലയ്ക്ക് കാട് വെട്ടിത്തെളിക്കണം.



പ്രായമായ രക്ഷിതാക്കൾക്കൊപ്പം താമസിക്കുന്ന തന്റെ വീടിനോട് ചേർന്ന് കാടുപിടിച്ചു കിടക്കുന്ന പറമ്പിലെ പാമ്പുശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഹർജിക്കാരൻ മുഖ്യമന്ത്രിയുടെ പോർട്ടലിൽ പരാതി നൽകിയിരുന്നു. എന്നാൽ വില്ലേജ് ഓഫീസിൽനിന്ന് വിവരങ്ങൾ തേടിയിട്ടും പറമ്പിന്റെ ഉടമയെ കണ്ടെത്താനായില്ലെന്നും നോട്ടീസ് നൽകാൻ കഴിയില്ലെന്നുമായിരുന്നു തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ നിലപാട്. ഈ വാദം കോടതി തള്ളി.

● ക്ലാസിഫൈഡ് പത്രിക


ദാമ്പത്യം സന്തുഷ്ടമാക്കൂ
ദിവ്യാമൃതം ലേഹ്യം കഴിക്കൂ.
സ്ത്രീ–പുരുഷ നിത്യയൗവ്വനത്തിന്
എല്ലാ ഇംഗ്ലീഷ് ആയുർവ്വേദ മെഡിക്കൽ ഷോപ്പിലും ലഭിക്കുന്നു.



വിവാഹിതർക്കും, അവിവാഹിതർക്കും, മധ്യവയസ്ക്കരായ സ്ത്രീ-പുരുഷൻമാർക്കും ഒരുപോലെ ഫലപ്രദം. ലൈംഗിക ബലഹീനത, ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, നാഡീതളർച്ച, ശരീരക്ഷീണം, മെലിച്ചിൽ, രക്തക്കുറവ്, മൂത്രത്തിൽ പഴുപ്പ്, അമിതമദ്യപാനികൾക്ക് കരൾവീക്കം, ബീജാണുക്കളുടെ കുറവ് ഇവ പരിഹരിച്ച് സന്താനസൗഭാഗ്യം നേടുവാനും ഈ ദിവ്യ ഔഷധം ഉത്തമമാണ്. ഒരു ടീ സ്പൂൺ വീതം രാവിലെയും വൈകിട്ടും ആഹാരത്തിനുശേഷം കഴിക്കുക.
സംശയങ്ങൾക്ക് വിളിക്കുക: 9847317454
ദിവ്യാ ആയുർവ്വേദ വൈദ്യശാല & എക്സ്പോർട്ടേഴ്സ്, ആയൂർ പി.ഒ., കൊല്ലം.
ഫോൺ : 0475-2292038, 9447558708, 9961000672.
Admn. Off. Edappally. 0484 6462718, E-mail : divya_ayurvedics@yahoo.com.
Website : divyaayurvedics.com

റിയൽ എസ്റ്റേറ്റ്
സ്ഥലം, വീട്, വാടക വീട്, ഓഫീസ്, ഗോഡൗൺ എന്നിവയ്ക്ക് ബന്ധപ്പെടുക
+91 88918 23479

FASTER RELIEF FROM CHRONIC SKIN & ALLERGIC DISEASES WITHIN SHORT PERIOD !!!
✓ VITILIGO ✓ PSORIASIS ✓ URTICARIA ✓ DANDRUFF ✓ SCABIES ✓ DERMATITIS ✓ ECZEMA ✓ ACNE ✓ ASTHMA ✓ ALLERGIC RHINITIS ✓ DRY SKIN ✓ INITIAL STAGE OF ICHTHYOSIS ✓ INITIAL STAGE OF NEUROFIBROMA ✓ SKIN DISCOLOURATIONS etc.
www.drrsroy.com
HELP LINE +91 9567866204 +91 9495959528
Dr. R.S. Roy
AMRITA AYURVEDA DERMATOLOGY HOSPITAL
H.O: Layam Road, Tripunithura, Cochin

ഉപകാരസ്മരണ



അലൻ ജോസ്, അമൽ ജോൺ
കലൂർ

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ

| മാഗസിൻ
| 18 ബി ബി | 177
നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും റിപ്പയറിംഗിനും ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായീസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം
ഫോൺ : 0484 – 2371598, 2353589

വില്ലയ്ക്ക് അനുയോജ്യമായ സ്ഥലം വില്പനയ്ക്ക്
കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം റോഡിന് സമീപം 3 ഏക്കർ 20 സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
+91 98476 14494

സ്ഥലം വില്പനയ്ക്ക്
തമ്മനം–പുല്ലേപ്പടി റോഡിൽ മൂന്ന് നിലക്ക് പ്ലാൻ പാസാക്കിയിട്ടുള്ള മുനേകാൽ സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
ബന്ധപ്പെടുക : +91 85929 92535

കുടിൽ തൊട്ട് കൊട്ടാരംവരെ പ്രകാശമേകാൻ പോപ്പുലർ മെഴുകുതിരികൾ
POPULAR CANDLES Since 1973
POPULAR Candles
Edappally, Kochi - 682 024
Phone: 0484 - 2575015, 2575016

ജോയിന്റ് വെഞ്ചർ ആവശ്യമുണ്ട്
കൊച്ചി നഗരസഭാ ഏരിയായിൽ വിശാല റോഡ് സൗകര്യമുള്ള 50 സെന്റോളം വരുന്ന ഭൂമി ജോയിന്റ് വെഞ്ചറായി ആവശ്യമുണ്ട്
ബന്ധപ്പെടുക
+91 83300 59041

ഫ്ളാറ്റിന് അനുയോജ്യമായ സ്ഥലം വില്പനയ്ക്ക്
നെട്ടൂർ ബൈപ്പാസിൽ ലേക്ഷോർ ആശുപത്രിക്ക് സമീപം ഫ്ളാറ്റ് നിർമാണത്തിന് അനുയോജ്യമായ ചുറ്റുമതിൽക്കെട്ടുള്ള 75 സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
+91 90721 86789

Largest Collection of Wedding Cards & Printing
VALAVI & CO.
BROADWAY, ERNAKULAM
Ph: 2374985, 2353765, 2371201, Press: 2374984

# ലഹരിവേട്ട ശക്തമായി തുടരും...

**ജിഫിയ**

തിരുവനന്തപുരം: ലഹരി മരുന്നിനെതിരെ സംസ്ഥാന വ്യാപകമായി സർക്കാർ നടപ്പാക്കുന്ന തൂഫാൻ ദ് നാർക്കോ ഹണ്ട് യജ്ഞത്തിന് തുടക്കമായി. ലഹരിവേട്ടയ്ക്ക് ചുക്കാൻ പിടിക്കുന്ന ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല സംസാരിക്കുന്നു.

• ഓപ്പറേഷൻ തൂഫാന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

കേരളത്തിൽ ലഹരിമരുന്നിന്റെ വ്യാപനം വളരെ വലുതാണ്.ലഹരി ഉപയോഗിക്കുന്നവർ, വിൽക്കുന്നവർ എന്നിവരുടെ എണ്ണം വർധിക്കുന്നു. ലഹരിമരുന്ന് എവിടെനിന്നു വരുന്നുവെന്നതിനെക്കുറിച്ച് വ്യക്തതയില്ല. ലഹരിമരുന്നിന്റെ വേരറുക്കുകയെന്ന ദൗത്യമാണ് ഇത്. അതുമായി ബന്ധപ്പെട്ടു നിൽക്കുന്നവർക്ക് പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും. എല്ലാ ജില്ലകളിലും ടീം ഉണ്ടാകും. നിലവിൽ ജില്ലകളിൽ നർകോട്ടിക്സ് സെൽ ഡിവൈഎസ്പിമാരുണ്ട്. അവരുടെ ടീം ശക്തിപ്പെടുത്തും. വൻതോതിലുള്ള ലഹരിവേട്ടയായിരിക്കും നടത്തുക.



• എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ലഹരിക്കെതിരെ ഡി ഹണ്ട് യജ്ഞം നടപ്പാക്കിയിരുന്നു. യുഡിഎഫ് അതിന്റെ പേരു മാറ്റി തൂഫാനാക്കിയെന്ന ആക്ഷേപമുണ്ടല്ലോ?

ലഹരിവ്യാപനം തടയുന്നതിൽ ഡി ഹണ്ട് ഉദ്ദേശിച്ച ഫലം ചെയ്തില്ലെന്നാണ് വിലയിരുത്തൽ. കൃത്യമായ ലക്ഷ്യബോധത്തോടെയായിരുന്നില്ല ഡി ഹണ്ടിന്റെ പ്രവർത്തനം. അതു കൊണ്ടാണല്ലോ ലഹരിമരുന്നിന്റെ ഉപയോഗവും വില്പനയും കേരളത്തിൽ വർധിച്ചത്.

• ഡി ഹണ്ടിൽനിന്ന് എന്തു വ്യത്യാസമാണ് തൂഫാനുണ്ടാവുക?

മന്ത്രി മുതൽ സിവിൽ പോലീസ് ഓഫീസർ വരെയുള്ളവർ തൂഫാന്റെ ഭാഗമാകും. എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വകുപ്പുകളും ദൗത്യത്തിന്റെ ഭാഗമാകും. എല്ലാ വകുപ്പുകളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മന്ത്രിസഭാ യോഗത്തിൽ മുഖ്യമന്ത്രി നിർദേശിച്ചിരുന്നു.

• മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിയുടെ വരവ് എങ്ങനെ തടയാം?

ലഹരി എത്തുന്ന സംസ്ഥാനങ്ങളിലെ പോലീസിന്റെ സഹകരണം ഇതിനായി ഉറപ്പാക്കും. ഡിജിപിമാർ തമ്മിൽ ആശയവിനിമയം നടത്തും. ഇന്റലിജൻസ് ഉദ്യോഗസ്ഥ തലത്തിലും വിവരങ്ങൾ കൈമാറും. ലഹരിമരുന്നിന്റെ ഉപയോഗവും വിതരണവും വില്പനയും എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം കർശന നടപടിയുണ്ടാകും. വേർതിരിവില്ലാതെ നടപടിയെടുത്താൽ മാത്രമേ തൂഫാൻ യജ്ഞത്തിന് പ്രയോജനമുണ്ടാകൂ.

•സ്കൂൾ, കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കാനുള്ള നടപടികൾ എന്തൊക്കെയാണ്?

ക്യാമ്പസുകൾക്ക് സമീപം പുകയില ഉല്പന്നങ്ങളുടെ വില്പന അനുവദിക്കില്ല. ലഹരിയുടെ വിപത്തിൽ നിന്നു കുട്ടികളെ രക്ഷിക്കാനുള്ള ശക്തമായ നടപടികളുണ്ടാകും. അതീവ ജാഗ്രതയോടെ പോലീസിന്റെ നിരീക്ഷണവും ഇടപെടലുമുണ്ടാകും.

## സ്കൂളിൽ ലഹരി വിരുദ്ധ പാഠം പഠിപ്പിക്കും

തിരുവനന്തപുരം: ആഭ്യന്തര വകുപ്പ് നടപ്പാക്കുന്ന തൂഫാൻ ദ് നാർക്കോ ഹണ്ട് ലഹരിവിരുദ്ധ പദ്ധതിയുടെ ഭാഗമായി സ്കൂള് പാഠ്യപദ്ധതിയിലും ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തിയേക്കും വിദ്യാഭ്യാസ വകുപ്പുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തും.

സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ടു ലഹരി മാഫിയ പ്രവർത്തിക്കുന്നുവെന്ന ഇന്റലിജൻസ് റിപ്പോർട്ട് ആഭ്യന്തര വകുപ്പിന്റെ പക്കലുണ്ട്. വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിലെ ലഹരിയുടെ സാന്നിധ്യം സംബന്ധിച്ച പരാതികൾ സ്കൂൾ, കോളേജ് അധികൃതരും നൽകിയിട്ടുണ്ട്. ഇതു തടയാനുള്ള കർശന നടപടികൾക്ക് പുറമേയാണ് ബോധവൽക്കരണവും പരിഗണിക്കുന്നത്.

ക്യാംപസുകളിലെയും ജനവാസ മേഖലകളിലെയും ലഹരി ഹോട്സ്പോട്ടുകൾ കണ്ടെത്താൻ ഡ്രോണുകൾ ഉപയോഗിച്ചു പട്രോളിംഗ് നടത്തും. ലഹരിമരുന്ന് ഉപയോഗിക്കുന്നവർ, വിൽക്കുന്നവർ, പ്രചരിപ്പിക്കുന്നവർ എന്നിവരെ നിരീക്ഷിക്കാൻ പോലീസിന്റെ പ്രത്യേക സംവിധാനമുണ്ടാകും. എക്സൈസ് വകുപ്പും പദ്ധതിയിൽ പങ്കാളിയാകും.

## തമ്മനം-പുല്ലേപ്പടി റോഡ് സർവേ നടപടികൾ ഉടനെന്നു മന്ത്രി

കൊച്ചി: തമ്മനം-പുല്ലേപ്പടി റോഡ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കാനുള്ള സർവേ നടപടികൾക്കായി അടിയന്തരമായി ഉദ്യോഗസ്ഥരെ നിയോഗിക്കുമെന്നു മന്ത്രി പി.കെ.ബഷീർ പറഞ്ഞു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 19(1) വിജ്ഞാപനം പുറപ്പെടുവിക്കാൻ പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടു ടി.ജെ.വിനോദ് എംഎൽഎയുടെ സബ്മിഷനു മറുപടി പറയുകയായിരുന്നു അദ്ദേഹം.



എംജി റോഡിലെ പത്മ ജംഗ്ഷനിൽ നിന്നു തുടങ്ങി ദേശീയപാതയിൽ ചക്കരപ്പറമ്പ് അവസാനിക്കുന്ന 3.68 കിലോമീറ്റർ നീളമുള്ള റോഡ് പതിറ്റാണ്ടുകളായി പരിഗണനയിലാണെന്ന് എംഎൽഎ ചൂണ്ടിക്കാട്ടി. 1998ൽ ഭൂമി ഏറ്റെടുക്കൽ ആരംഭിച്ചപ്പോൾ 83 വ്യക്തികളിൽ നിന്നായി 2.531 ഏക്കർ ഭൂമി സൗജന്യമായി ലഭിച്ചിട്ടുണ്ട്. ഇതിന് പുറമേ 2.75 ഏക്കർ ഭൂമി പണം നൽകിയും ഏറ്റെടുത്തിട്ടുണ്ട്.

ഇനിയും 500 പേരിൽ നിന്നായി ഏകദേശം 9 ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുക്കേണ്ടതുണ്ട്. പദ്ധതിയുടെ ചുമതലയുള്ള കേരള റോഡ് ഫണ്ട് ബോർഡ് അലൈൻമെന്റ് നിശ്ചയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഡിജിറ്റൽ സർവേ പൂർത്തിയാകാത്തതിനാൽ ഭൂമിയുടെ മൂല്യനിർണയ നടപടികൾ ആരംഭിക്കാനായിട്ടില്ലെന്ന് എംഎൽഎ ചൂണ്ടിക്കാട്ടി. സർവേ നടപടികൾക്കായി 5 സർവേയർമാരെയും ഒരു ഡ്രാഫ്റ്റ്സ്മാനെയും നിയമിക്കാൻ കളക്ടർ ഉത്തരവിട്ടെങ്കിലും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെ നിയോഗിക്കാത്തിനാൽ സർവേ നടപടികൾ ആരംഭിച്ചിട്ടില്ലെന്ന് എംഎൽഎ പറഞ്ഞു. റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കാനായി 93.89 കോടി രൂപ അനുവദിച്ച് 4 വർഷമായെങ്കിലും അതിനുള്ള നടപടികൾ ഇഴഞ്ഞു നീങ്ങുകയാണ്.






Edited, Published and Owned by Simon Edappally, 64/5218, Kaloor, Kochi-682 017, Phone: 0484-2338268 and Printed by him at Cherrys Printers. Chief Editor-Simon Edappally. (Editor responsible for selection of contents under PRB Act)